


## ലിറ്റിൽ കൈറ്റ്സ്

**എസ്.എസ്.എച്ച്.എസ് തൊടുപുഴ**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

**ആനന്ദ് ജോ നെടുങ്കല്ലേൽ**

## സബ് എഡിറ്റേഴ്സ്

**ജിബിൻ ജിനോ**
**ആഷിഖ് നവാസ്**
**സോനാ സജി**
**അനീറ്റ വി എസ്**
**ബിനറ്റ് ബിനു**

# ആമുഖം

കണ്ണിന് കൗതുകവും കുളിർമയും നല്കുന്ന വർണ്ണക്കാഴ്ചകളുടെ സമാഹാരമാണ് ഈ കൈയ്യെഴുത്ത് മാസിക. കഥ, കവിത ലേഖനം, ജീവചരിത്രം തുടങ്ങി പല കാര്യങ്ങളിലൂടെയും മറ്റും അറിവിന്റെ മാന്ത്രികമായ ലോകത്തേക്ക് മറ്റുള്ളവരെ കൈപിടിച്ചുയർത്താൻ ഉതകുന്നതാണ് ഈ കൈയ്യെഴുത്ത് മാസിക. ഈ ഉദ്യമത്തിൽ നമ്മെ സഹായിച്ച എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട് എസ്. എസ്. എച്ച്. എസ് തൊടുപുഴ ലിറ്റിൽ കൈറ്റസ് യൂണിറ്റിന്റെ

## 'ചിരാത് 2018'

# ഇതളുകൾ വിരിയുമ്പോൾ...


| ക്ര.നം. | ടോപിക് | പേജ് നം. |
|---|---|---|
| 1 | എഡിറ്റോറിയൽ ബോർഡ് | 2 |
| 2 | ആമുഖം | 3 |
| 3 | ധനികനും അധ്യാപകനും | 6 |
| 4 | പി ഭാസ്കരൻ | 9 |
| 5 | സോഷ്യൽ മീഡിയ | 10 |
| 6 | മുല്ലപ്പൂവും കല്ലും | 12 |
| 7 | എല്ലാം ഒരു തരം യുദ്ധം | 15 |
| 8 | ഭൂമി സനാഥയാണ് | 18 |
| 9 | ചാൾസ് ബാബേജ് | 19 |
| 10 | മഴ നനഞ്ഞോരെൻ ബാല്യം | 20 |
| 11 | തുടിതാളം തേടി | 21 |
| 12 | മുത്തച്ഛൻ | 22 |
| 13 | ആഗോളതാപനം | 23 |
| 14 | ബുദ്ധമതവും സെൻകഥകളും | 24 |
| 15 | പൂക്കളൊക്കെയും വാക്കുകളാകു.. | 25 |
| 16 | പുലി വരുന്നേ പുലി വരുന്നേ | 26 |

| | | |
|---|---|---|
| **17** | നാണയം | **27** |
| **18** | ചെറുശ്ശേരി | **28** |
| **19** | സർ ഐസക് ന്യൂട്ടൺ | **29** |
| **20** | കടംകഥ | **30** |
| **21** | അഹങ്കാരത്തിന്റെ ഭവിഷത്ത് | **31** |
| **22** | നാരായൻ | **34** |
| **23** | മുകളിലേ ഇതുവഴി | **35** |
| **24** | ഹയ്യോ വിശക്കുന്നേ | **36** |
| **25** | നീലക്കാലി | **37** |
| **26** | ഹെർക്കുലീസും വണ്ടിക്കാരനും | **38** |
| **27** | മൂന്ന്കോടി കൈകൾ | **39** |
| **28** | അമ്മ പഠിപ്പിച്ച പാഠം | **40** |
| **29** | എ പി ജെ അബ്ദുൾ കലാം | **41** |
| **30** | പാമ്പിന്റെ വങ്കത്തം | **43** |
| **31** | ദീപം | **44** |
| **32** | സ്റ്റീഫൻ വില്യം ഹോക്കിങ്ങ് | **45** |
| **33** | ദേശീയഗാനം | **46** |
| **34** | കൃതജ്ഞത | **47** |
| | | |

# ധനികനും അധ്യാപകനും

ധനികൻ തൻെറ വസ്തുക്കൾ എല്ലാം ഗ്രാമത്തിലെ ജനങ്ങൾക്ക് പങ്കുവച്ചുകൊടുത്ത ശേഷം തീർത്ഥയാത്ര പോകുവാൻ തീരുമാനിച്ചു.

“എൻെറ സമ്പാദ്യമെല്ലാം ഞാൻ ഗ്രാമത്തിലെ ജനങ്ങൾക്ക് പങ്കുവെച്ചു തരുന്നതാണ്. എല്ലാവരും എൻെറ  വീട്ടിൽ വരുക.”

വീടിനുമുന്നിൽ  ധനികൻ വച്ച ബോർഡ്  അതിലെ പോയ ജനങ്ങളെല്ലാം കണ്ടു .കണ്ടവർ പറഞ്ഞു മറ്റുള്ളവരും അറിഞ്ഞു .പക്ഷേ ആരും ധനികൻെറ സമ്പാദ്യം കൈപ്പറ്റാൻ വന്നില്ല. ധനികൻ വളരെ ദുഖിതനായി.

കുമിഞ്ഞു കൂടി കിടക്കുന്ന സമ്പാദ്യമോർത്ത് അയാൾ അഹങ്കരിച്ചിരുന്നു.സന്തോഷിച്ചിരുന്നു. പക്ഷേ ഇന്നയാൾ വല്ലാതെ വിഷമത്തിലായി. ആരെങ്കിലും വരുമെന്ന് കാത്തിരുന്നിട്ടും ഒരു ഫലവും ലഭിച്ചില്ല.അങ്ങനെയിരിക്കെ ഒരു ദിവസം ധനികനെ പഠിപ്പിച്ച അധ്യാപകൻ

ആ ബോർഡ് കണ്ടു.അദ്ദേഹം ധനികന്റെ
വീട്ടലെത്തി. ധനികന്റെ മുഖത്തെ വിഷാദം
അധ്യാപകന്റെ കണ്ണിൽപെട്ടു. "സ്വത്തുക്കളിൽ
നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ആർത്തിയില്ല-
ന്ന് മനസ്സിലായല്ലോ.അതുമാത്രമല്ല പല
മോശപ്പെട്ട പ്രവർത്തികളിലൂടെയായിരിക്കും നീ
ഇത് സമ്പാദിച്ചതെന്നും അവർക്കറിയാം.
കൂടാതെ വെറുതെ കിട്ടുന്നപണം  തങ്ങളെ
മടിയൻമാരാക്കുമെന്നും ചിന്തിച്ചിട്ടുണ്ടാകണം".
തന്റെ അധ്യാപകന്റെ വാക്കുകൾ
കേട്ടപ്പോഴാണ് ധനികൻ ഓർത്തത്
താൻ മാത്രമേ ഈ ഗ്രാമത്തിൽ പണത്തിന്
ആർത്തിപിടിച്ചവനായി നടന്നിട്ടുള്ളുവെന്ന്.
ധനികൻ പറഞ്ഞു."എന്റെ പ്രവർത്തികളിൽ നിന്ന്
തെറ്റുകളിൽനിന്ന് എനിക്ക് മോചനം വേണം.
അതിനെന്തുവേണം.അങ്ങൊരു
വഴിപറയൂ"....................
അധ്യാപകൻ ആലോചിച്ചശേഷം പറഞ്ഞു:

“ഒരു കാര്യം ചെയ്യൂ.............
സ്വത്തുക്കൾ മുഴുവൻ വിറ്റശേഷം ആ രൂപ കൊണ്ട്
എല്ലാ ജനങ്ങൾക്കും ഒരോ തെങ്ങിൻ
തൈ വീതം വാങ്ങി നൽകൂ...... ലക്ഷം പേർക്ക്
അതുമൂലം പ്രയോജനം ലഭിക്കും"അങ്ങനെ
ജനങ്ങൾക്കെല്ലാം ഓരോ തെങ്ങിൻ
തൈ വീതം കിട്ടി.ആ ഗ്രാമത്തിലെ ജനം
മുഴുവനെത്തി.ധനികന് സന്തോഷമായി.
അയാൾ തീർത്ഥാടനത്തിന് പോയി.

**ഗുണപാഠം:-പണം എല്ലാത്തിനും**
**മീതെയാണെന്ന് കരുതാതിരിക്കുക.**
**ജീവിക്കാനുള്ളത് മാത്രം സ്വരൂപിക്കുക.**

**പി.ഭാസ്കരൻ** (1924–2007)

കവി,ഗാനരചയിതാവ്, ചലചിത്രകാരൻ, മാധ്യമപ്രവർത്തകൻ,എന്നീനിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപികപത്രാധിപൻ,ഏഷ്യാനെറ്റിൻെറ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.പത്മശ്രീ,കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് ഓടക്കുഴൽ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾ ലഭിച്ചു.ഒറ്റക്കമ്പയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജ്ജിക്കുന്നു,ഓടക്കുഴലും ലാത്തിയും,ഒരിക്കൽ കൂടി, കായൽ കാറ്റ്, കർഷകഗാനം,മുൾക്കിരീടം,മുഖത്തോടുമുഖം (കവിതകൾ),നാഴിയുരിപ്പാല് (ഗാനസമാഹാരങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.

–അൽഫിന അഷറഫ്

# സോഷ്യൽ മീഡിയ



യൗവനത്തിൽ
നടപ്പാക്കാമെന്നത് അസാധാരണം. സമ്മർദവും ക്ഷീണവുമുള്ള സോഷ്യൽ മീഡിയ നമ്മുടെ യുവാക്കളിൽ സ്ഥാപിക്കാൻ കഴിയുന്ന ഒരു ശാശ്വത ശക്തിയാണ്. അത് വക്തികളെ തങ്ങളെതന്നെചോദ്യം ചെയ്യാനും നമ്മുടെ സമൂഹത്തിലെ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും കാണിക്കുന്ന ഒരു സമ്പ്രദായത്തിന് അനുയോജ്യമായി കരുതുകയും ചെയുന്നു.

സോഷ്യലിസറ്റ് ശക്തി കൈകാര്യം ചെയേണ്ട ഒരു ശക്തിയാണ്, കാരണം അത് വക്തിപരമായ ശക്തി നൽകാൻ അവരെ തകർകാൻ കൂടിയാണ്. സോഷ്യൽ മീഡിയ

എന്നത് ഉണ്ടാക്കപ്പെട്ട ഉള്ളടക്കം ആണെന്നും കൂടുതൽ ഉള്ളടക്കങ്ങളും കാണിക്കുന്നു. സോഷ്യൽ മീഡിയ നലതും ചീത്തയുമാണ്. അത് അനാവശ്യമായി ഉപയോഗികരുത്. ജീവിതത്തിൽ ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.

**–(അൽഷ മരിയ റോയിജി)**

# മുല്ലപ്പൂവും കല്ലും

ഒരിക്കൽ ഒരു പെൺകുട്ടി കളിക്കാൻ കുറെ കല്ലുകൾ പെറുക്കാൻ തുടങ്ങി. കല്ലുകൾപെറുക്കിക്കൊണ്ടിരിക്കുമ്പോൾ കുട്ടിക്ക് വല്ലാത്ത സുഗന്ധം അനുഭവപ്പെട്ടു. എവിടെനിന്നാണ് ആ സൗരഭ്യമെന്ന് അവൾക്ക് ആദ്യം മനസ്സിലായില്ല.കുട്ടി തന്റെ കൈയിലുണ്ടായിരുന്ന കല്ലുകൾ മണത്തു നോക്കി.അവയിലുണ്ടായിരുന്ന ഒരു കല്ലിന് മുല്ലപ്പൂവിന്റെ മണം.അവൾക്ക് അത്ഭുതം തോന്നി.കല്ലിനോട് അവൾ ചോദിച്ചു:"നിനക്ക് ഈ സുഗന്ധം എവിടെ നിന്നാണ് കിട്ടിയത്"?കല്ല് മറുപടി പറഞ്ഞു:"കുട്ടി, ഞാൻ ഇതുനേരം

മുല്ലപ്പൂക്കളുടെ കൂടെ ആയിരുന്നു.ഒരാൾ
കുറെ മുല്ലപ്പൂക്കൾ കൊണ്ടുവന്ന് എൻെ
അരികിൽ വച്ചു.അവയുടെ പൂമ്പൊടി
എൻെ ദേഹത്തും വീണിരിന്നു.
അതുകൊണ്ടാണ് എനിക്ക്
മുല്ലപ്പൂവിൻെ മണം കിട്ടിയത്
സൗരഭ്യമുള്ള പൂക്കളുടെ കൂടെ
കഴിയാനിടവന്നാൽ കുട്ടിക്കും
നല്ല സൗരഭ്യമുണ്ടാകും.കഴിഞ്ഞ
മാസത്തിലൊരു ദിവസം ഒരു ചീഞ്ഞ മുട്ട
ഉടഞ്ഞ് എന്റെ ദേഹത്ത്
തെറിച്ചുകൊണ്ടു അതിൽപിന്നെ കുറേ
നാളത്തേയ്ക്ക് എന്റെ കൂട്ടുകാരെല്ലാം
എന്നെ ഉപേക്ഷിച്ചു.
കാരണമെന്തെന്നോ?ചീഞ്ഞ
മുട്ടയുമായുള്ള ബന്ധം എന്റെ ദേഹത്ത്

ദുർഗന്ധം ഉണ്ടാക്കിയിരുന്നു. കല്ലിന്റെ സംസാരത്തിൽ നിന്ന് കുട്ടിക്ക് ചില പുതിയ അറിവുകൾ നേടാൻ കഴിഞ്ഞു .

**ഗുണപാഠം : സംസർഗമാണ് ഗുണ ദോഷങ്ങൾക്ക് മുഖ്യ കാരണം നല്ലവരോടു ചേർന്നാൽ നല്ലതും; ചീത്തവരോടു ചേർന്നാൽ ചീത്തയും നമ്മിൽ പകരും**

# എല്ലാം ഒരു തരം യുദ്ധം.......

എല്ലാം ഒരു തരം യുദ്ധം
മനുഷ്യൻ നടത്തുന്ന യുദ്ധം
പണത്തിനായ് തൊഴിലിനായ് സുഖത്തിനായ്
മനുഷ്യൻ നടത്തുന്ന യുദ്ധം.......

രാജ്യങ്ങൾ തമ്മിൽ യുദ്ധം കനത്തു
വ്യാപാരയുദ്ധം ധനത്തിനായ്
പണമില്ല തൊഴിലില്ല ഒരുഗതിയുമില്ല
പാവം ജനങ്ങൾ വെട്ടിലായ്.......

പെട്രോളിൻ ഡീസലിൻ വിലയും ഉയർന്നു
ഓഹരിസൂചിക താണുപോയി
രൂപ തൻ മൂല്യം ഇടിഞ്ഞുപോയി
ക്രൂഡ് ഓയിൽ വില ഉയർന്നുപോയി.......

നികുതികൾ പലതരം എത്തിതുടങ്ങി
രാഷ്ട്രത്തിൻ ഭാവി തുലാസിലായി
പണത്തിനുവേണ്ടി യുദ്ധം കനത്തു
നരഹത്യ തുടർക്കഥയായ്.......

മതമൈത്രി എങ്ങും നശിച്ചുതുടങ്ങി
ദൈവത്തെ വേണ്ടാതെയായി

പീഡനം എങ്ങും ശീലമായ് മാറി
മനുഷ്യസുരക്ഷ തകർന്നുപോയി.......
മനുഷ്യമനസ്സിലും അന്തരീക്ഷത്തിലും
മലിനീകരണം കടന്നുകൂടി
കള്ളവും ചതിയും പൊളിവചനവും
എങ്ങും തുടർക്കഥയായ്.......
ക്രിസ്തുതൻ ത്യാഗശീലം എവിടെപ്പോയി
ശ്രീക്രൃഷ്ണനാം ധർമ്മരക്ഷോപായവും
ബുദ്ധന്റഹിംസയും എങ്ങുപോയി
മുഹമ്മദിൻ സൈഥര്യം മാഞ്ഞുപോയി.......
ദയയില്ല ക്ഷമയില്ല സ്നേഹമില്ല
ജീവനു വിലയില്ല സത്യമില്ല
ഹിംസയുണ്ടെങ്ങും അഹിംസയില്ല
ഹോമമുണ്ടെങ്ങും സുരക്ഷയില്ല.......
തടവറയിലെന്നും നിരപരാധികൾ
കുന്നുകൂടുന്നു ശിക്ഷിക്കപ്പെടുന്നു
ദുഷ്ടർ പണത്തിൽ രക്ഷതേടുന്നു
അഴിമതി എങ്ങും നിറഞ്ഞിടുന്നു.......
പ്രളയങ്ങൾ കാറ്റുകൾ പ്രകൃതിക്ഷോഭങ്ങൾ
ഭൂമികുലുക്കങ്ങൾ സ്ഫോടനങ്ങൾ

മനുഷ്യൻ പ്രകൃതിക്കെതിരായി ചെന്നു
പ്രകൃതി തിരിച്ചടിച്ചല്ലോ.......
വീടുകൾ തോറും ശവപ്പറമ്പായ്
കുടുംബബന്ധങ്ങൾ ശിഥിലമായ്
പണത്തിനായ് വെട്ടുന്നു കുത്തുന്നു ചവിട്ടുന്നു
ശുഷ്കിച്ചുപോയി മനുഷ്യമനസ്സ്.......
എല്ലാം ഒരു തരം യുദ്ധം
മനുഷ്യൻ നടത്തുന്ന യുദ്ധം
പണത്തിനായ് തൊഴിലിനായ് സുഖത്തിനായ്
മനുഷ്യൻ നടത്തുന്ന യുദ്ധം.......

–ആനന്ദ് ജോ നെടുങ്കല്ലേൽ


# ഭൂമി സനാഥയാണ്



പ്രപഞ്ച ഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യർ വന്നു
ആദിയിലാകാശങ്ങളിൽ നിന്നൊരു
നാദതാരംഗം പോലെ
കാലത്തിന്റെ ശിരസിലിരുന്നൊരു
പീലിതിരുമുടി പൊലെ
സ്വപ്നം കാണും നിറമിഴികൾക്കൊരു
സ്വാഗതഗാനവുമായി
വിശ്വപ്രകൃതി വെറും കൈയോടെ
വിരുന്ന് നൽകാൻ നിന്നു
അന്നു മനുഷ്യർ ഭൂമിയി-
ലായിരം ഉജ്ജ്വലശിൽപങ്ങൾ

**-(അൻസീന അനസ്)**


# ചാൾസ് ബാബേജ് (1791-1871)



**പ്രശസ്തനായ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ഗണിത ശാസ്ത്രജ്ഞനുമായ ചാൾസ് ബാബേജ് കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നു. ഇദ്ദേഹം കണ്ടെത്തിയ ഡിഫറൻസ് എൻജിൻ ലോകത്തിലെ തന്നെ ആദ്യത്തെ കാൽക്കുലേറ്റർ ആണ്.അതുപോലെ അനലറ്റിക്കൽ എൻജിൻ ആദ്യത്തെ കമ്പ്യൂട്ടറും**

**-ആനന്ദ് ജോ നെടുങ്കല്ലേൽ**

# മഴ നനഞ്ഞോരെൻ ബാല്യം



ജീവിതം മൊട്ടിട്ടുയർന്നാത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയോളിക്കും
കാശിതുമ്പകൾ അല്ലോ നമ്മൾ
മഴ വരുംനേരമാർത്തു വിളിച്ചത്
നനഞ്ഞോരെൻ ബാല്യം
ഒക്കെകണ്ടൊരു ചിരിയന്നു
നിൽക്കുമെന്ന്
തേൻമാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാടു സൽക്കരിച്ചിരുന്നു....

-(ജ്ജീമ നവാസ് )

# തുടിതാളം തേടി

നമ്മുടെ മാതാവ്-കൈരളി- പണ്ടൊരു
പൊൻമണിപൈതലായ് വാണ കാലം.
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചി രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

**-ബീമ മോൾ യൂസഫ്**

# മുത്തച്ഛൻ

ചാരു കസേരയിലിരുന്ന് അന്തിയ്ക്ക്
എന്നെ ഉറക്കുമെൻ മുത്തച്ഛൻ
മധുരപലഹാരങ്ങൾ എൻ മുന്നിൽ
നിരത്തുമെൻ മുത്തച്ഛൻ
അമ്പിളിമാമനെ കാണുമ്പോൾ
മിന്നാമിനുങ്ങെന്ന് പറഞ്ഞ എന്നെ
തിരുത്തുമെൻ മുത്തച്ഛൻ
ലോകത്തിലെ കാഴ്ചകൾ
പറഞ്ഞുതരും മുത്തച്ഛൻ
എല്ലായിടത്തും കൊണ്ട് പോകും
എൻെറ പ്രിയപ്പെട്ട മുത്തച്ഛൻ

*—ബിജോ*

# ആഗോള താപനം



ഭൗമോപരിതലത്തിന്
അടുത്തുള്ള വായുവിന്റെയും
സമുദ്രങ്ങളുടെയും ശരാശരി
താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായുള്ള




വർദ്ധനവിനെയും ഈ
വർദ്ധനവിന്റെ
തുടർച്ചയെക്കുറിച്ചുള്ള ശാസ്ത്രീയ
പ്രവചനങ്ങളെയുമാണ്

ആഗോളതാപനം എന്നുപറയുന്നത്.മനുഷ്യന്റെ
പ്രവർത്തനങ്ങളാലും മറ്റുപ്രകൃത്യാലുള്ള
കാരണങ്ങളാലും മീഥേയ്ൻ , കാർബൺ ഡൈ
ഓക്സൈഡ് തുടങ്ങിയ വാതകങ്ങളുടെ
അന്തരീകഷത്തിലുള്ള അളവ് വർദ്ധിക്കുകയും
സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ
പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും
ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു.

**-ആനന്ദ് ജോനെടുങ്കല്ലേൽ**

# ബുദ്ധമതവും

# സെൻകഥകളും

മഹാനായ ബുദ്ധമതത്തിന്റെ ചീന-ജപ്പാൻ ശാഖയാണ് സെൻബുദ്ധമതം. ഇതിൽ ധ്യാനത്തിനാണ് കൂടുതൽ പ്രാധാന്യം. വർത്തമാനകാലത്തിൽ നിന്ന് ശരീരത്തെ വഴി തെറ്റാതെ നയിക്കുന്ന മാർഗമാണിത് തമിഴ് നാട്ടിൽ ജീവിച്ചിരുന്ന ബോധിദർമനാണ് ചൈനയിലെത്തി ബുദ്ധമതം പ്രചരിപ്പിച്ചത്

**–ബിനറ്റ് ബിനു**

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ....

ആരോ പറയുന്ന തെംസ് നദീ,നിന്നോട്
മൂകാനുരാഗം കലർന്നൊരാൾ വന്നപോൽ
ആകെയിരുണ്ട തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണപോൽ,അദ്ഭുതം പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ
ആ രാഗമല്ലലായ്,ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ദീരഹസ്തമായ് മാറി,നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!
ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നപോൽ
ളുമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചുവിടർന്നു കളിപ്പുപോൽ.......

-ബിസ്മി ഷെമീർ

# പുലിവരുന്നേ...

# പുലിവരുന്നേ...




ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു ആട്ടിടയൻ ഉണ്ടായിരുന്നു.എല്ലാ ദിവസവും ആടുകളെ മേയിക്കുവാൻ അവൻ കാട്ടിൽ പോകുമായിരുന്നു.ഒരിക്കൽ അവൻ അടുത്തുള്ള പാടത്ത് പണിചേയ്യുന്ന കർഷകരെ പറ്റിക്കുവാനായി"പുലിവരുന്നേ....പുലിവരുന്നേ....” എന്ന് കരഞ്ഞു വിളിച്ചു കർഷകർ ഓടിയെത്തിയപ്പോൾ അവൻ അവരെ നോക്കി കളിയാക്കി ചിരിച്ചു.ഒന്നു  രണ്ടുതവണ ഇത് ആവർത്തിച്ച് അവൻ സന്തോഷിച്ചു.

ഒരിക്കൽ ആടുകളെ മേയിച്ച് കൊണ്ടിരുന്നപ്പോൾ യഥാർത്ഥിൽ ഒരു പുലി അവന്റെയെടുത്ത് ഓടിയെത്തി.അവൻ" പുലിവരുന്നേ. പുലിവരുന്നേ. എന്ന് കരഞ്ഞുവിളിച്ചെങ്കിലും തങ്ങളെ പറ്റിക്കുവാനാണ് അവൻ വിളിക്കുന്നതെന്ന്കരുതി  കർഷകരാരും രക്ഷയ്ക്കെത്തിയില്ല.പുലി അവനേയും ആടുകളെയും കൊന്നിട്ട്  പോയി.

**--ഹിബ.എസ്.പർവീൺ--**

# നാണയം

വട്ടത്തലയൻ,മൊട്ടത്തലയൻ
കാലും കൈയും ഇല്ലാത്തോൻ!
മേശയിലുണ്ട്,കീശയിലുണ്ട്
ആശിക്കാത്തവരാരുണ്ട് !
വരയും കുറിയും മാറിവരുമ്പോൾ
നിലയും,വിലയും ഏറീടും!
ചങ്ങാതികളെ കണ്ടെന്നാൽ
കിലുകിലുവെന്ന് ചിരിച്ചീടും
പലപല നാടും വീടും കേറി
പായും കൊച്ചുപണക്കാരൻ....


–മീനാക്ഷി ബിജു

# ചെറുശ്ശേരി

കവി പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉത്തരകേരളത്തിലെ മഹാകവി കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു.
ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

-റമീസ കാസിം

# സർ ഐസക് ന്യൂട്ടൺ



പ്രസിദ്ധനായ ഇംഗ്ലീഷ് ഭൗതികശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനും തത്വചിന്തകനും ആൽകെമിസ്റ്റുംആയിരുന്നു സർ ഐസക് ന്യൂട്ടൺ. സാർവത്രിക ഗുരുതത്വാകർഷണ നിയമം കണ്ടെത്തിയ ഇദ്ദേഹം സർ പദവി നേടിയ ആദ്യ ശാസ്ത്രജ്ഞനാണ് അദ്ദേഹം.പ്രിൻസിപ്പിയ മാത്തമാറ്റിക്ക ഇദ്ദേഹത്തിന്റെ പ്രശസ്തമായ ഗ്രന്ഥമാണ്.

–ആനന്ദ് ജോ നെടുങ്കല്ലേൽ

# കടംകഥ

പകലിൻ വെട്ടം പലപല വെട്ടം
വയറിന്നുള്ളിൽ നിറച്ചുവയ്ക്കും
രാവാകുമ്പോൾ പലപലവട്ടം
പൊൻതരിയായി പുറത്തെടുക്കും

ഉത്തരം. മിന്നാമിനുങ്ങ്

കാള കിടക്കും കയറോടും

ഉത്തരം. മത്തങ്ങ

ആകാശത്തെത്തുന്ന തോട്ടി

ഉത്തരം. കണ്ണ്

-മുഹമ്മദ് ഷെമീർ

# അഹങ്കാരത്തിൻ്റെ ഭവിഷിത്ത്...

ഒരിടത്തൊരിടത്ത് ഒരു കാക്കയും തത്തയും ജീവിച്ചിരിപ്പുണ്ടായിരുന്നു.താൻ വളരെ വലിയ ഒരു  സംഭവമാണ് എന്ന ഒരു ചിന്ത കാക്കയ്ക്ക് ഉണ്ടായിരുന്നു.കാരണം കാക്ക ജീവിച്ചിരുന്ന പ്രദേശത്തെ എറ്റവും വലിയ മരത്തിലായിരുന്നു കാക്ക ക്രൂട് വച്ചിരുന്നത്.തത്ത ഒരു പാവമായിരുന്നു.കാരണം തത്ത ഒരു ചെറിയ മരത്തിലായിരുന്നു ക്രൂട് വച്ചിരുന്നത്.ഒരു ദിവസം കാക്ക ആകാശത്തിലൂടെ പറന്നിരുന്ന സമയം ആ പ്രദേശത്ത് ഒരു വലിയ കാറ്റ് ഉണ്ടായി.അപ്പോൾ കാക്കയുടെ ക്രൂട്

മരത്തിൽ നിന്ന് താഴെ വീണു.തത്തയുടെ
ക്രൂട് താഴെ വീഴുന്നത് കാക്ക കണ്ടു.കാക്ക
ഉടനെ തത്തയുടെ അടുത്ത് ചെന്ന്
പറഞ്ഞു:"നിന്റെ ക്രൂട് കാറ്റത്ത് താഴെ വീണു
നിനക്ക് ക്രൂട് കെട്ടാൻ അറിയില്ല..എന്റെ
വളരെ സുരക്ഷിതമായി ഇരിക്കുന്നത് നീ
കണ്ടോ.....???എന്നൊക്കെ കാക്ക
തത്തയെ പരിഹസിച്ചു.എന്നാൽ തത്ത
ഇതിന്നൊന്നിനും മറുത്ത് പറഞ്ഞില്ല.തത്ത
തത്തയുടെ ക്രൂട് നല്ലതുപോലെ പിന്നെയും
ആ മരത്തിൽ കെട്ടി.

കാക്ക ഒരു ദിവസം കാക്കയ്ക്ക് വേണ്ട തീറ്റ
തേടി പോയ സമയത്ത് കുറെ
മരപ്പണിക്കാര് വന്ന് കാക്ക ക്രൂട്
വെച്ചിരുന്ന  മരം അവര്
വെട്ടിക്കളഞ്ഞു.കാക്ക തിരികെ വന്നപ്പോൾ
കാക്കയുടെ ക്രൂട് താഴെ കിടക്കണത് കാക്ക

കണ്ടു.കാക്ക ദൂരെക്ക് പറന്നു
പോയി.ഇതെല്ലാം തത്ത
കാണുന്നുണ്ടായിരുന്നു.തത്ത കാക്കയുടെ
അടുത്ത് ചെന്ന് കാക്കയെ
ആശ്വസിപ്പിച്ചിട്ട് പറഞ്ഞു;"നീ
വിഷമിക്കണ്ട..നീ എന്റെ കൂടെ എന്റെ
കൂട്ടിൽ താമസിച്ചോ..."എന്ന്.അതിനു
ശേഷം അവർ രണ്ടു പേരും ഒരുമിച്ച്
തത്തയുടെ കൂട്ടിൽ സന്തോഷത്തൊടെ
താമസിച്ചു.......

**ഗുണപാഠം:"അഹങ്കാരം ആപത്താണ്........."**

**-സോന സജി**

# നാരായൻ

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ പെട്ടുന്ന കുടയത്തൂരിൽ 1940 സപ്തംബർ 26-ന് ജനിച്ചു.'കൊച്ചരേത്തി'യാണ് ആദ്യ നോവൽ.

ഊരാളിക്കുടി,വന്നല,ആരാണു തോൽക്കുന്നവർ(കഥകൾ), നാരായൻ എന്നിവയാണ് പ്രധാനകൃതികൾ.

'കൊച്ചരേത്തി'ക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്

–റമീസ കാസിം

# മുകിലേ ഇതുവഴി

കാറ്റ് തെളിക്കും തേരിൽ കയറി
നീലാകാശ പെരുവഴി നീളെ
കാഴ്ചകൾ കണ്ടു രസിച്ച നടക്കും
ആർദ്രയാഴം കൂട്ടും വാരിധി
സൂര്യ സ്നാഹം നേടിയ മാത്രയിൽ
ആനന്ദത്തോടുരിയാർന്നൊരു നീ
ആഘോഷത്തോടെവിടെ പെയ്യുക
ഉള്ളിലിരിക്കും കനിവിൻ തുള്ളികൾ
തൊണ്ടവരണ്ടു തളർന്നു മയങ്ങും
കുഞ്ഞിച്ചെടിയുടെ ദാഹമകറ്റാൻ
നീരിറ്റു നനയ്ക്കാൻ ഏകുക വേകം!
നേരിന്നു നേരെ ഉയരും നാമ്പുകൾ
നീരുറവകൾ പരത്തും വേരുകൾ
പോരിക മുകിലേ!ഭൂമിയിൽ പൂവായ്
ജീവന വർണ്ണ വസന്തം നൽകാം.

*-സുൽത്താന ബഷീർ*

# ഹയ്യോ...വിശക്കുന്നേ!

കട്ടപ്പനയുള്ള കുട്ടിയച്ചൻ,
പെട്ടിവയറുള്ള കുട്ടിയച്ചൻ,
പുട്ടു തിന്നെട്ടു പഴവും തിന്നു,
ചുട്ടെടുത്തോരത്തക്ക ആറു തിന്നു,
കപ്പ തിന്നേഴു പൊറോട്ട തിന്നു
ഉപ്പുകൂട്ടിപ്പത്തു മാങ്ങ തിന്നു
മുട്ടക്കറികൂട്ടി വെള്ളയപ്പം
മുപ്പത്തിരണ്ടും ഇരുന്നു തിന്നു,
ചക്കയൊരെണ്ണം മുറിച്ചുതിന്നു,
ചമ്മന്തിയും കൂട്ടി ചോറു തിന്നു,
ഇത്രയും തിന്നിട്ടു കുട്ടിയച്ചൻ
ഇപ്പോൾ വിശന്നു കരഞ്ഞിടുന്നു......

**–ആദർഷ സക്കീർ**

# നീലക്കാലി

കാലുകൾ താറാവിന്റേതുപോലെയാണ്
വെള്ളത്തിൽ നീങ്ങാൻ തുഴപോലെയുള്ള കാല്.
എന്നാൽ ആ കാലുകളുടെ നിറം
കാണാൻ ഭംഗിയുള്ള നീലനിറം!
നീലക്കാലി  ബൂബി (ബ്ലൂഫുട്ടഡ് ബൂബി)
എന്നാണ് ഈ പക്ഷിയുടെ പേര്.
പസഫിക്ക് സമുദ്രത്തിന്റെ കിഴക്ക്
തീരത്തെ ചിലതിനെ കാണാം.
ബൂബി എന്ന വാക്കിന് ഇംഗ്ലീഷിൽ
അർത്ഥം കേട്ടോളൂ–വിഡ്ഢി!

–അഫ്ഹാദ്

# ഹെർക്കുലീസും വണ്ടിക്കാരനും

ഒരു കാളവണ്ടി നിറയെ ഭാരവുമായി ഒരു വണ്ടിക്കാരൻ യാത്ര തുടങ്ങി.യാത്ര ദീർഘിച്ചതാണ്. പ്രഭാതത്തിൽ  വണ്ടിയിലെ ചരക്കുകൾ മാർക്കറ്റിലെത്തിച്ച് ഇറക്കിക്കൊടുക്കണം. പെട്ടെന്ന് സൂര്യനസ്തമിച്ചു.ഇടിമിന്നലും ഇടിമുഴക്കവും തുടങ്ങി.ശക്തിയായ കാറ്റ്.മഴ ആരംഭിച്ചു.മഴ കൂടിക്കൂടി വന്നു.വഴി നിറയെ കുഴികളാണ്. കുഴികളിൽ വെള്ളം നിറഞ്ഞു.കല്ലുകൾക്കിടയിലൂടെ വണ്ടി കട.....കട..... പെട്ടെന്ന് വണ്ടി കുഴിയിൽ ചാടി..അയാൾ എത്ര ശ്രമിച്ചിട്ടും വണ്ടി കുഴിയിൽ നിന്ന് കയറ്റാൻ സാധിച്ചില്ല.അയാൾ ഒന്ന് ഇറങ്ങി തള്ളിയാൽ വണ്ടി നീങ്ങുമായിരുന്നു.പക്ഷെ അയാൾ അതിന് ശ്രമിച്ചില്ല.അയാൾ പകരം ശക്തിയുടെ ദേവനായ ഹെർക്കുലീസിനെ വിളിച്ചു. പെട്ടെന്ന് ഹെർക്കുലീസ് പ്രത്യക്ഷപെട്ടു. ഹെർക്കുലീസ് അയാളോട് ഇറങ്ങി തള്ളാൻ ആവശ്യപെട്ടു.അയാൾ ഇറങ്ങി തള്ളി.പെട്ടെന്ന് വണ്ടി നീങ്ങി.അയാൾ ഹെർക്കുലീസിന് നന്ദി പറഞ്ഞുമടങ്ങി.

—അൻഷാദ്

# മൂന്ന്കോടി കൈകൾ

പചരപ്പരമാർഥമായ കിനാവെങ്ങൾക്കു

മെചരത്തിൽ വാസ്ക്ക്ട്ടെ

കേരളൈക്രോൽസവം പശ്ചിമാം-

ഭോധിതന്നമ്പങ്ങൾപാറ്ക്കുന്ന

പപൃപ്പൃഇവൃടൃപ്പിച്ചു സാഹൃജലം

വേർപെട്ടുനിന്ന മൂന്നാടുകളിന്നതിർ

വേലിതല്ലിപ്പെളി ചൊന്നായി

ചുമക്കയാൽ മുപ്പൃരുഷാർഥങ്ങളൊപ്പം

ലഭിചരവർക്കുൽപ്പന്നാമൊരു സംതൃപ്തി

നേടി നാം

–മുഹമ്മദ് അഷിഖ്

# അമ്മ പഠിപ്പിച്ച പാഠം

മനുഷ്യ വാക്കുകൾ പ്രവൃത്തികൾ
കേരളത്തിനേകീ വൻ ദുരന്തം
യന്ത്രകൈകളുമായി മാറുപിളർന്നവർ
പിടഞ്ഞു ഒരു കൈത്താങ്ങിനായി
അമ്മതൻ മരണവെപ്രാളം കേട്ടില്ല
തിരിച്ചടി ഓർത്തില്ല നല്ലകാലം
പാഠംപഠിക്കാത്ത മക്കൾക്കായി ഒടുക്കം
അമ്മ തേങ്ങലോടെ തന്നതാണീ ദുരന്തപാഠം
അറിയില്ലാ നാടിൻെറ കാലചക്രം
ദിശതെറ്റി കറക്കിയതാരാണെന്ന്
അറിയില്ല എനിക്കൊന്നുമേ എങ്കിലും
കരുതുന്നു മനുഷ്യാ നീചനെന്ന്

**–അഷ്കർ സലീം**

# എ.പി.ജെ.അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന അവുൽ പക്കീർ ജൈനുലബ്ദീന്‍ അബ്ദുൽ കലാം എന്ന ഡോ.എ.പി.ജെ.അബ്ദുൽ കലാം.അദ്ദേഹം 1931,ഒക്ടോബർ 15-ന് രാമേശ്വരത്ത് ജനിച്ചു.പ്രശസ്തനായ മിസൈൽ സാങ്കേതിക വിദ്യാ വിദഗ്ദ്ധനും എഞ്ചിനീയറുമായിരുന്ന ഇദ്ദേഹം.മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിൻെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസൈൽ മനുഷ്യൻ'എന്ന പേരിൽ കലാം അറിയപ്പെടുന്നു.

2020-ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്ര്മാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും 'ഇന്ത്യ 2020' എന്ന പുസ്ത്കത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു.കലാമിന്റെ ആത്മ്കഥയാണ് അഗ്നിച്ചിറകുകൾ.2015 ജൂലൈ 27-ന് അദ്ദേഹം അന്തരിച്ചു

-ഫവാസ്

# പാമ്പിൻെറ വങ്കത്തം

തണുപ്പുകാലമാണ്.ഒരു പാമ്പ് ഒരു കൊല്ലൻെറ പണിശാലയിലേയക്ക് ഇഴഞ്ഞു കയറി ഒരു മൂലയിൽ ചുരുണ്ടുകൂടാൻ നോക്കി.''ഢും ....''പാമ്പിൻെറ പുറത്ത് ഒരു അരം വീണു.പാമ്പിന് നന്നായി വേദനിച്ചു.അത് ദേഷ്യപ്പെട്ടു:ആരാണീ ധിക്കാരി.തന്നെ ഉപദ്രവിച്ച ഇവനെ ഒരു പാഠം പഠിപ്പിച്ചേ തീരൂ.പാമ്പ് ദേഷ്യത്തോടെ ആ അരത്തെ കടിച്ചു.കടിയുടെ ശക്തി കൊണ്ട് പാമ്പിൻെറ വായ് മുറിഞ്ഞ് ചോരവന്നു .വിഡ്ഢിയായ പാമ്പ് വിചാരിച്ചു.തൻെറ ശത്രുവിന് പരിക്കുപറ്റുന്നുണ്ടെന്ന്.അത് പിന്നെയും അരത്തിൽ കടിച്ചു. ഓരോ തവണ കടിക്കുമ്പോഴും പാമ്പിൻെറ വായിൽ പുതിയ മുറിവുകളുണ്ടായി കൊണ്ടിരുന്നു. പാമ്പ് അതൊന്നും മനസ്സിലാക്കിയില്ല.ദേഷ്യം ഒട്ടൊന്ന് ശമിച്ചപ്പോൾ പാമ്പിന് മനസിലായി അരത്തിന് കേടൊന്നും പറ്റിയില്ലന്നും തൻെറ വായ് മുറിഞ്ഞാണ് ചോര വരുന്നതെന്നും പാവം പാമ്പ് അതിൽനിന്നും ഒരു പാഠം പഠിച്ചു.

-ഫാസിൽ സജീവ്

# ദീപം

മാലുള്ളതാണീമഹിയെന്നുവെ
മാഴ്ക്കുന്നതെന്തിനു മനുഷ്യരെ നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സഥാനത്തെ നൽകേണ്ടതു ധർമ്മല്ലേ?
കൈവിട്ടുപോയിപോയിപകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ
കൈവിട്ടുപോയി പകലെന്നു-
വച്ചു കണ്ണീരൊലിപ്പിച്ചൊരു
കാര്യമുണ്ടോ.......
വരേണ്ടതല്ലേ നിശയും നമുക്കു വപുസിനു-
ത്ഥാനമുഷസിലേകാൻ?
ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞകൺ നമ്മൾ തുറന്നിടുംമുൻ
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.....

-ജിബിൻ ജിനോ

# സ്റ്റീഫൻ വില്യം ഹോക്കിങ്ങ്

# (1942-2018)



വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞ-നായിരുന്നു സ്റ്റീഫൻ വില്യം ഹോക്കിങ്ങ്. മോട്ടോ ന്യൂറോൺ രോഗം ബാധിച്ചിരുന്ന ഇദ്ദേഹം തമോഗർത്ത പരീക്ഷണങ്ങളിലൂടെയും സിദ്ധാന്തങ്ങളിലൂടെയുമാണ് പ്രശസ്തനായത്.ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ചശാസ്ത്രവിഭാഗം ഡയറക്ടറായിരുന്നു അദ്ദേഹം.2014–ൽ പുറത്തിറങ്ങിയ 'ദി തിയറി ഓഫ് എവരിതിങ്' എന്ന ഷോർട്ട്ഫിലിം ഇദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ളതാണ്.

–ആനന്ദ് ജോ നെടുങ്കല്ലേൽ

# ദേശീയഗാനം

**ജനഗണമന അധിനായക ജയഹേ**
**ഭാരത ഭാഗ്യ വിധാതാ**
**പഞ്ജാബ് സിന്ധു ഗുജറാത്ത് മറാഠാ**
**ദ്രാവിഡ ഉത്ക്കല വംഗാ**
**വിന്ധ്യ ഹിമാചല യമുനാ ഗംഗ**
**ഉജ്ജ്വല ജലധി തരംഗാ**
**തവ ശുഭ നാമേ ജാഗേ**
**തവ ശുഭ ആശിഷ മാഗേ**
**ഗാഹേ തവ ജയ ഗാഥാ**
**ജനഗണ മംഗല ദായഗ ജയഹേ**
**ഭാരത ഭാഗ്യ വിധാതാ**

**ജയഹേ,ജയഹേ,ജയഹേ,**
**ജയ,ജയ,ജയ ജയഹേ..........**

# നന്ദി